**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1086** **12.07.2016 ൽ മറുപടിയ്ക്ക്**

**നാണ്യവിളകളുടെയും ഭക്ഷ്യവിളകളുടെയും വിലത്തകർച്ച**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | ശ്രീ. വി.എസ്. സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ നാണ്യവിളകളുടെയും ഭക്ഷ്യവിളകളുടെയും വിലത്തകർച്ച, കർഷകർക്ക് ഭീഷണിയായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഒരു വില സ്ഥിരതാ ഫണ്ട് (price fluctuation fund) രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) | റബ്ബർ വിലയിടിവ് തടയുന്നതിനായി ചെറുകിട കർഷകർക്ക് കിലോയ്ക്ക് 150 രൂപ ഉറപ്പ് വരുത്തുന്നതിനായി വില സ്ഥിരത പദ്ധതി പ്രകാരം 500 കോടി വകയിരുത്തിയിട്ടുണ്ട്. നെൽകർഷകർക്ക് സംഭരണ വില ഒരാഴ്ചയ്ക്കകം നൽകുന്നതിനായി കാർഷിക സഹകരണ ബാങ്കുമായി ബന്ധപ്പെടുത്തി ഈ തുക പലിശ സഹിതം സർക്കാർ ബാങ്കുകൾക്ക് നൽകി വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി 385 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. പച്ചത്തേങ്ങ സംഭരണത്തിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**